കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാട്ടൂൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/211/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി: 15.06.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാട്ടൂൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാട്ടൂൽ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1ലെ 1-12, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-28, 1-30, 1-33, 1-35, 1-37, 1-39, 1-40, 1-41 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/211/2020.

തീയതി:15.06.2020.

# കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 10.10.18 മുതൽ 31.01.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്തതും മറുപടി പരിഗണിച്ച് ഒഴിവാക്കാത്തതുമായ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ എം.പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.02.2020 മുതൽ 29.02.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സിന്ധു. ടി . പി,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) (21.02.2020മുതൽ 24.02.2020 വരെ out of camp) |

| | |
|---|---|
| | ഷഹീൻ.പി, അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | പ്രമോദ്. കെ., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദലി.കെ.വി | 01.04.18 മുതൽ31.03.19 വരെ |
| സെക്രട്ടറി | ശ്രീ.കെ.ശിവദാസൻ,<br>അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 01.04.18 മുതൽ<br>29.04.18 വരെയും<br>27.05.18മുതൽ<br>01.07.18 വരെയും,<br>21.08.18മുതൽ<br>29.08.18 വരെയും |
| | ശ്രീമതി.കെ.കെ.രാജലക്ഷ്മി | 30.04.18 മുതൽ 26.05.18 വരെ |
| | ശ്രീ.സി.കെ.ശ്രീകുമാർ | 02.07.18മുതൽ20.08.18 വരെയും<br>30.08.18മുതൽ31.03.19 വരെയും |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ഷീന.കെ.വി | 01.04.18മുതൽ31.03.19വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സരിഗ.പി | 01.04.18മുതൽ31.03.19 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.രാജേന്ദ്രൻ.കെ.വി | 01.04.18മുതൽ<br>30.04.18വരെയും<br>01.08.18മുതൽ<br>31.03.19 വരെയും |
| | ശ്രീമതി.സരിത.കെ.വി | 01.05.18മുതൽ<br>31.07.18 വരെ |
| വി ഇ ഒ | ശ്രീ.ജിതേഷ്.കെ.പി | 01.04.18മുതൽ<br>31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ.അനൂപ്.സി.ഒ | 01.04.18മുതൽ<br>31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ.ജയദീപ്.ബി.പി | 01.04.18മുതൽ<br>31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദ | ഡോ.മഞ്ജുഷ.എൻ | 01.04.18മുതൽ<br>31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.പ്രകാശൻ.സി.പി | 01.04.18മുതൽ |

| | | |
|---|---|---|
| | | 31.03.19 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.തരുണി.എസ് | 01.04.18മുതൽ 30.06.18 വരെ |
| | ശ്രീമതി.സ്മിത | 01.07.18മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ശിവദാസൻ | 01.04.18മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ രജീഷ് കുമാർ.സി | 01.04.18മുതൽ 08.05.18 വരെ |
| | ശ്രീ.ഫിലിപ്പോസ് പണിക്കർ | 09.05.18മുതൽ 12.08.18 വരെ |
| | ശ്രീമതി.ജയ.പി.എസ് | 13.08.18മുതൽ 07.11.18 വരെ |
| | ശ്രീമതി ശ്രേണി | 08.11.18മുതൽ 04.12.18 വരെ |
| | ശ്രീമതി.കവിത.എം | 05.12.18മുതൽ 04.01.19 വരെ |
| | ശ്രീ.പുഷ്പജൻ.സി.കെ (കരാറടിസ്ഥാനത്തിൽ നിയമിച്ചത് | 05.01.19മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | രശീതി ബുക്കുകളുടെ ഉപയോഗത്തിലെ അപാകങ്ങൾ |
| 13 | 1-13 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ അപാകങ്ങളും നികുതി ഡിമാന്റ് |

| | | |
|---|---|---|
| | | ചെയ്യാത്തതും |
| 14 | 1-14 | തൊഴിൽ നികുതി -അപാകങ്ങൾ . |
| 15 | 1-15 | എഫ്.ടി.ഇ & ഒ.എസ് .ലൈസൻസ് -അപാകങ്ങൾ. |
| 16 | 1-16 | വാടക ബൈലോ തയ്യാറാക്കിയിട്ടില്ല |
| 17 | 1-17 | കേന്ദ്രീകൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 18 | 1-18 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല |
| 19 | 1-19 | ജനറൽ പർപ്പസ് ഫണ്ട് -അലോട്ട്മെന്റ് മുഴുവനായും അക്കൗണ്ടിൽ വരാത്തത്-860333 രൂപ വരവു നഷ്ടം. |
| 20 | 1-20 | ടാർ വില മുഴുവനായും തിരികെ ഈടാക്കാത്തതും മറ്റ് അപാകങ്ങളും. |
| 21 | 1-21 | മണൽ ഫിൽട്ടറിംഗ്-സ്രോതസ്സിൽ നിന്നും ഇൻകം ടാക്സ് കുറവു ചെയ്യാതെ ബിൽത്തുക നല്കി. |
| 22 | 1-22 | ക്ഷേമപെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നില്ല. |
| 23 | 1-23 | ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയതിലെ അപാകങ്ങൾ-അധികം നല്കിയ 23,838 രൂപ തിരിച്ചു പിടിക്കേണ്ടതാണ്. |
| 24 | 1-24 | ശമ്പള കുടിശ്ശിക കണക്കാക്കിയതിൽ പിഴവ് വന്നത്-അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതാണ്. |
| 25 | 1-25 | ക്ഷാമബത്ത കുടിശ്ശിക രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 26 | 1-26 | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ജീവനക്കാരിൽ നിന്ന് ഈടാക്കിയ തുക അടവാക്കുന്നതിലെ കാലതാമസം സംബന്ധിച്ച്. |
| 27 | 1-27 | ദീർഘകാല രോഗികൾക്കും മാറാവ്യാധികൾ ബാധിച്ചവർക്കുമുള്ള ഗൃഹകേന്ദ്രീകൃത സാന്ത്വനം -പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ |
| 28 | 1-28 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. |
| 29 | 1-29 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് -അപാകങ്ങൾ. |
| 30 | 1-30 | ബഡ്സ് സ്കൂൾ വാഹന പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 31 | 1-31 | പി എം എ വൈ വിഹിതം നല്കൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 32 | 1-32 | ബഡ്സ് സ്കൂൾ പ്രവർത്തനം - രേഖകൾ സൂക്ഷിപ്പ് സുതാര്യതയില്ല-890811/-രൂപ തടസ്സപ്പെടുത്തുന്നു. |
| 33 | 1-33 | സ്കൂൾ ഡയറി വിതരണം സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. |
| 34 | 1-34 | ഗവൺമെന്റ് എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ ലാബുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ അപാകങ്ങൾ. |
| 35 | 1-35 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ഗുണഭോക്തൃലിസ്റ്റ് ഗ്രാമസഭ |

| | | |
|---|---|---|
| | | അംഗീകരിച്ചിട്ടില്ല. |
| 36 | 1-36 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി അപാകങ്ങൾ. |
| 37 | 1-37 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നല്കൽ അപാകങ്ങൾ- 2,00,000 രൂപയുടെ (50,000+1,50,000) ചെലവ് തടസ്സപ്പെടുത്തുന്നു. |
| 38 | 1-38 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് -അപാകങ്ങൾ-265300രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. |
| 39 | 1-39 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കിണർ നിർമ്മാണം- അപാകങ്ങൾ. |
| 40 | 1-40 | നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് ജല സംരക്ഷണ പ്രവൃത്തി-നിർവ്വഹണത്തിലെ ഗുരുതരമായ അപാകങ്ങൾ - അധികം നല്കിയ തുക തിരിച്ചടക്കേണ്ടതാണ്. |
| 41 | 1-41 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പ്- പൊതു അപാകങ്ങൾ. |
| 42 | 1-42 | റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയില്ല. |
| 43 | 1-43 | വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലംപ്സം പ്രൊവിഷൻ നല്കി പ്രവൃത്തി നടപ്പാക്കുന്നതും മറ്റ് അപാകങ്ങളും – 3,01,387 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. |
| ഭാഗം 2 വരവു കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടം പരാമർശിക്കുന്ന ഖണ്ഡികകൾ- ചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | | |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള വ്യക്തമായ നഷ്ടം പരാമർശിക്കുന്ന ഖണ്ഡികകൾ- സർചാർജ്ജ് ചെയ്യാവുന്നവ<br>ഇല്ല | | |
| 44 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. |
| 45 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 46 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 47 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 48 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 49 | 4-6 | സ്ഥിര നിക്ഷേപം |
| 50 | 4-7 | ഓഡിറ്റ് റിക്കവറി |
| 51 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 52 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 53 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 54 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

| | | |
|---|---|---|
| 55 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 56 | അനുബന്ധം-2-1 | റസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 57 | അനുബന്ധം-2-2 | ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 58 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.18തീയതിയിലെ 38/2018 തീരുമാനപ്രകാരം അംഗീകരിച്ചു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം |
|---|---|
| മുന്നിരിപ്പ് | 73,52,852 |
| വരവ് | 10,27,91,500 |
| ആകെ | 11,01,44,352 |
| ചെലവ് | 10,27,60,352 |
| നീക്കിയിരിപ്പ് | 73,84,000 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 15.05.19 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51,25,916.40 |
| വരവ് | 7,08,34,641.00 |
| | |

| | |
|---|---|
| ആകെ | 7,59,60,557.40 |
| ചെലവ് | 6,52,20,018.00 |
| നീക്കിയിരിപ്പ് | 1,07,40,539.40 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,34,14,000 | 1,34,14,000 | 1,30,64,000 | 3,50,000 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 21,20,000 | 21,20,000 | 21,20,000 | 0 |
| മെയിന്റനൻസ്,റോഡ് (ACR പ്രകാരം) | | 0 | 26,33,000 | 26,33,000 | 20,26,320 | 6,06,680 |
| മെയിന്റനൻസ്, റോഡിതരം (ACR പ്രകാരം) # | | 0 | 31,40,000 | 31,40,000 | 31,40,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 62,26,000 | 62,26,000 | 47,77,542 | 14,48,458 |
| സാക്ഷരത | | 66,154 | 2,685 | 68,839 | 0 | 68,839 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 5535711 | 5535711 | 5535711 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1212.25 | 437583 | 438795.25 | 261469 | 177326.25 |
| ഐ.സി.ഡി.എസ്-കേന്ദ്രവിഹിതം | | 857833 | 863681 | 1721514 | 800000 | 921514 |
| ടിഎസ് സി | | 2317 | 0 | 2317 | 0 | 2317 |
| ശുചിത്വ മിഷൻ | | 750000 | 477000 | 1227000 | 0 | 1227000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 68,280 | 68,280 | 68,280 | 0 |
| കേരളോത്സവം | | 19319 | 0 | 19319 | 0 | 19319 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 3,00,000 | 3,00,000 | 3,00,000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ഉൽപ്പാദന ബോണസ് | | 0 | 22,000 | 22,000 | 22,000 | 0 |
| ബഡ്സ്സ്കൂൾ-ധനസഹായം | | 263079 | 400391 | 663470 | 373658 | 289812 |
| വിമുക്തി | | 74550 | 25000 | 99550 | 25000 | 74550 |
| എം എൻ ആർഇ ജി എസ് – 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയവർക്കുള്ള പ്രതിഫലം | | 0 | 4,000 | 4,000 | 4,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 367409 | 140000 | 507409 | 140000 | 367409 |
| | ജില്ലാ പഞ്ചായത്ത് | 1504841 | 1629000 | 3133841 | 723712 | 2410129 |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | | 1,10,15,815 (വാർഷിക ധനകാര്യ പത്രികയിൽ ₹10155482) | | | |
| തനത് ഫണ്ട്(*) | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

(*)ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല. അലോട്ട്മെന്റായി ലഭിച്ചതിൽ ഒരു ഗഡു ട്രഷറിയിൽ നിന്ന് മാറിയെടുക്കാത്തതിനാൽ ജനറൽ പർപ്പസ് ഫണ്ട് വരവിൽ 8,60,333/- രൂപയുടെ കുറവു വന്നിട്ടുണ്ട്.

(*)തനതു ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

# മെയിന്റനൻസ്ഗ്രാന്റ് റോഡിതരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ( ഖണ്ഡിക. 1-11-4 കാണുക)

കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെയും മറ്റ് ഏജൻസികളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന തുകയുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. വാർഷിക ധനകാര്യ പത്രികയിൽ നിന്നു ലഭ്യമായ വിവരങ്ങളാണ് ഉൾപ്പെടുത്തിയത് .

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 54473514 | 121 | 32384879 | 33 | 43 | 53.66 |
| | | | | | | |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2148310 | 2103700 |
| വെറ്റിനറി സർജ്ജൻ | 12 | 12 | 2854000 | 2126786 |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | 2 | 2 | 326000 | 320295 |
| വി ഇ ഒ | 17 | 13 | 11092295 | 4605574 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 2 | 1 | 500000 | 439129 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 125000 | 125000 |
| മെഡിക്കൽ ഓഫീസർ,ആയുർവേദ | 4 | 4 | 760000 | 757800 |
| ഹെഡ്മാസ്റ്റർ | 10 | 9 | 2020000 | 1713128 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 5 | 5313250 | 5161726 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2494100 | 1789661 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 40 | 20580544 | 9351001 |
| സെക്രട്ടറി | 23 | 18 | 6260015 | 3891079 |
| | 164 | 121 | 54473514 | 32384879 |

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്

(എ) ആസൂത്രണസമിതി- ആസൂത്രണ സമിതി യോഗങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം മിനുട്സ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ജനറൽ മിനുട്സിലാണ് ആസൂത്രണ സമിതി യോഗങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തുന്നത്.2018-19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി യോഗം ചേർന്നതായി കാണുന്നില്ല. ആസൂത്രണ സമിതി നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കും തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകൃതമായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. ക്വാറം തികയാതെ വർക്കിംഗ് ഗ്രൂപ്പുകൾ ചേരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉദാഹരണം- കുടിവെള്ളം,ശുചിത്വം വർക്കിംഗ് ഗ്രൂപ്പ് -തീയതി 15.11.18-രണ്ടുപേർ മാത്രം പങ്കെടുത്തു,തൊട്ടടുത്ത തീയതി രേഖപ്പെടുത്താത്ത മീറ്റിംഗിലും രണ്ട പേർ മാത്രമാണ് പങ്കെടുത്തത്. മിനുട്സ് ക്ലോസ് ചെയ്യാത്തതും അപാകമാണ്. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ

നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല. സ്റ്റാൻഡിംഗ് കമ്മറ്റികളിലും പ്രധാനപ്പെട്ട അജണ്ടയായി ഉൾപ്പെടുത്തുന്നത് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ്. പദ്ധതി അവലോകനം നടത്തുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്.

പദ്ധതി രൂപീകരണം മാർഗ്ഗരേഖാ നിർദ്ദേശങ്ങൾക്കനുസൃതമാണെന്ന് ഉറപ്പ് വരുത്തുന്നതിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല എന്നത് അപാകമാണ്. ഉദാഹരണമായി സ്കൂളുകൾക്ക് ഡയറി വിതരണം ചെയ്യുന്നതിനായുള്ള പദ്ധതി മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ പാടില്ലാത്തതാണ്. എയ്ഡഡ് മേഖലയിലുള്ള വിദ്യാലയങ്ങളിലും ജില്ലാ പഞ്ചായത്തിന്റെ ചുമതലയിൽ പെടുന്ന ഹയർ സെക്കന്ററി വിദ്യാലയത്തിലേക്കും ഡയറി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത വിദ്യാലയങ്ങൾ ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയവയല്ല.

ക്ഷേമപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 5535711 | 5535711 | 5535711 | 0 |
| ഭരണചെലവുകൾ | 1212.25 | 437583 | 438795.25 | 261469 | 177326.25 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 2,38,13,300 | 1932 |
| കർഷകതൊഴിലാളി പെൻഷൻ | 13,31,000 | 100 |
| വിധവാപെൻഷൻ | 1,41,35,500 | 1189 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,39,500 | 23 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 40,88,300 | 339 |

മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക 1-22 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3790 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

# 1-9 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേർന്നിട്ടില്ല. യോഗങ്ങളുടെ മിനുട്സ് സാക്ഷ്യപ്പെടുത്താത്തതും അപാകമാണ്. ജീവനക്കാരുടെ പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തി നിർദ്ദേശങ്ങൾ നല്കാത്തതിനാൽ രസീറ്റ് കൈകാര്യം ചെയ്യുന്നതിലുൾപ്പെടെ ഗുരുതരമായ പിഴവുകൾ ഉണ്ടാകുന്നുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.ഓഫീസ്

പ്രവർത്തനങ്ങൾ വിലയിരുത്തി ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന മുറക്ക് ക്ലെയിം സസ്പെൻഡ് ചെയ്യപ്പെടാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വന്ന പിഴവാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളുടെ കാര്യത്തിലെങ്കിലും, ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതായിരുന്നു.

അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്താതെ ലൈസൻസ് അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതും കുടിശിക ബില്ലുകൾ തയ്യാറാക്കിയത് മേൽപ്പരിശോധന നടത്തി അപാകങ്ങൾ പരിഹരിക്കാതെ അതേപടി അനുവദിച്ചതും മേൽനോട്ടപ്പിശകിന് ഉദാഹരണങ്ങളാണ്.വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കാത്തതും അപാകമാണ്.

അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2020 | 12/19 | 11.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.04.2007 | 1997-98 മുതൽ 2006-07 വരെ | 26.06.2007 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയുടെ പരിശോധനാ വേളയിൽ കണ്ടെത്തിയതും നാളിതു വരെ പരിഹരിക്കപ്പെടാത്തതുമായ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.സഞ്ചയ സോഫ്റ്റ്‌വെയറിൽ തൻവർഷത്തേക്ക് ക്രമീകരിച്ചിരിക്കുന്ന ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല

2.ലേലമിനത്തിലെ ഡെപ്പോസിറ്റ് ബാലൻസ് ബി 7 ഷെഡ്യൂൾ പ്രകാരം 5000രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം ഇത് 8000രൂപയാണ്

3.ടെണ്ടർ ഫോം രജിസ്റ്റർ പ്രകാരം തൻവർഷ വരവ് 63398 രൂപയും വാർഷിക ധനകാര്യ പത്രിക പ്രകാരം 69038 രൂപയുമാണ്.

4.സംരക്ഷണ ഗ്രാന്റ് - റോഡിതരം വിഭാഗത്തിൽ ,വാർഷിക ധനകാര്യ പത്രിക ഐ 6,ആർ പി 7 ഷെഡ്യൂളുകൾ പ്രകാരം ചെലവ് 3119114 രൂപയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവ് 3140000രൂപയുമാണ്. 20886 രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല

5.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലാളികളുടെ കൂലിയും ഭരണച്ചെലവും ഉൾപ്പെടെ ആകെ ചെലവ് ഐ 16,ഐ 14 എ ഷെഡ്യൂളുകളിൽ ഒരേ തുകയാണ് വരേണ്ടതെങ്കിലും

വ്യത്യസ്ത തുകയാണ് ചേർത്തത്. (ഐ 16-5973294,ഐ 14 എ -5792061) ഭരണച്ചെലവ് 251300801 കോഡ് നമ്പറിൽ 140469 രൂപ മാത്രമാണ് ചേർത്തത്.

5.ബിറ്റുമിൻ ഇനത്തിൽ തിരികെ ലഭിക്കുവാനുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ 4.08ലക്ഷം രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല

6.കന്നുകുട്ടി പരിപാലന പദ്ധതിയിൽ സംസ്ഥാനാവിഷ്കൃത വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നില്ലെങ്കിലും സുലേഖ ചെലവു പത്രികയിൽ സംസ്ഥാനാവിഷ്കൃത ഫണ്ടിനത്തിൽ 31,250 രൂപ ചെലവു രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് യഥാർത്ഥത്തിൽ തനതു ഫണ്ട് ചെലവാണ്.

# 1-12 രശീതി ബുക്കുകളുടെ ഉപയോഗത്തിലെ അപാകങ്ങൾ

റസീറ്റ് ബുക്കുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.
( എ) സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാട്ടൂൽ ഗ്രാമ പഞ്ചായത്ത് ഏതാനും രസീത് ബുക്കുകൾ ഉപയോഗിച്ചത് സാക്ഷ്യപത്രം രേഖപ്പെടുത്താതെയാണ് .

| | |
|---|---|
| രശീതി ബുക്ക് നമ്പർ | 1879,1884,26419,26435,26439,26440. |

(ബി) വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്താതെ റദ്ദാക്കിയ രശീതികൾ.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 1879 | 90 |
| 26444 | 18 |
| 1904 | 55 |
| 1894 | 15,65 |
| 1880 | 22 |
| 1906 | 28,44 |
| 26419 | 48,83 |

(സി)തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 1905 | 41 |
| 26437 | 7 |
| 26444 | 27 |
| 1903 | 92,93 |
| 1906 | 48,71,72,73,82,85,86,87,88,89,90,91,92,100 |
| 26419 | 1,2,3,4,5,6,7,8,9,16,18,19 |
| 26424 | 72 |
| 26435 | 24 |
| 26439 | 91 |

(ഡി)അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്യുകയോ ക്യാൻസൽ ചെയ്തവ സാക്ഷ്യപ്പെടുത്തുകയോ ചെയ്യാത്ത രസീറ്റ് ബുക്കുകളും ഉണ്ട്

(ഇ).കലക്ഷൻ തുക ഒടുക്കു വരുത്തുന്നതിൽ 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം-3-ലെ ചട്ടം-23 ലെ സമയപരിധി പാലിക്കാത്തത്

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ | ഒടുക്കിയ തീയ്യതി/ഉൾപ്പെട്ട തുക/ രസീത് നമ്പർ |
|---|---|---|
| 1901 | 1 മുതൽ 8വരെ<br>തീയതി26.10.18 കളക്ഷൻ തുക1330രൂപ | 31.10.2018./₹2030/<br>118030102914 |
| 1906 | 27 തീയതി 25.12.18 കളക്ഷൻ തുക17724രൂപ | 15.1.2019/₹21412/<br>118030104819 |
| 1906 | 38 മുതൽ 51വരെ<br>തീയതി 15.1.2019 | 21.1.2019/₹8583/<br>118030104923 |

| | | |
|---|---|---|
| | കളക്ഷൻ തുക 6707രൂപ | |
| 1906 | 52 മുതൽ 54വരെ<br>തീയതി17.1.2019 കളക്ഷൻ തുക1401രൂപ | 21.1.2019/₹8583/<br>118030104923 |
| 1906 | 60 മുതൽ 67വരെ<br>തീയതി 21.1.2019 കളക്ഷൻ തുക 5604രൂപ | 28.1.2019/₹5604/<br>118030105015 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (5/17.02.2020) മറുപടിയായി സെക്ഷൻ ക്ലർക്ക് കൃത്യവിലോപം നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

# 1-13 കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ അപാകങ്ങളും നികുതി ഡിമാന്റ് ചെയ്യാത്തതും

1.ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയത്

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ് വെയറിലെ ഡാറ്റാ വിവരവും ഒത്തുനോക്കിയതിൽ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തി ഉപയോഗിക്കുന്നതായി കാണുന്നു.ചില ഉദാഹരണങ്ങൾചുവടെ കൊടുക്കുന്നു.

| എഫ്.ടി.ഇ& ഒ.എസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | സ്ഥാപനം/ ഉടമസ്ഥന്റെ പേര് | കെട്ടിട വിസ്തീർണ്ണം ച.മീറ്റർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമംഎഫ്.ടി.ഇ& ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം | കെട്ടിടത്തിന്റെ ഉപയോഗക്രമം സഞ്ചയസോഫ്റ്റ് വെയറിലെ ഡാറ്റാ പ്രകാരം | ഈടാക്കിയ വസ്തു നികുതി നിരക്ക് ച. മീറ്ററിന് ₹ |
|---|---|---|---|---|---|---|
| 2 | 3/373 | എം.ഉത്തമൻ | 242 | തുണിക്കച്ചവടം | പാർപ്പിടാവശ്യം | 4 |
| 53 | 12/295 | മനോജ്.എം | 60 | ഫാൻസി&റെഡിമെയ്ഡ് ഷോപ്പ് | പാർപ്പിടാവശ്യം | 4 |
| 72 | 5/365 | റഹ്മത്ത്.കെ.കെ | 146 | അനാദിക്കച്ചവടം | പാർപ്പിടാവശ്യം | 4 |
| 81 | 15/380 | മുസ്തഫ മുഹമ്മദ് | 36 | അനാദിക്കച്ചവടം | പാർപ്പിടാവശ്യം | 4 |
| 88 | 8/236 | റംലത്ത്.വി.വി | 10 | അച്ചാർ നിർമ്മാണം | വ്യവസായ ആവശ്യത്തിനുള്ള | 10 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | കൈത്തറി ഷെഡ്,കയർ പിരി ഷെഡ് | |
| 106 | 1/12 | അബ്ദുൾ സലാം.സി | 72 | സ്റ്റേഷനറി | പാർപ്പിടാവശ്യം | 4 |
| 108 | 4/317 | ആച്ച വളപ്പിൽ ഇബ്രാഹിം കുട്ടി | 155 | അനാദിക്കച്ചവടം | പാർപ്പിടാവശ്യം | 4 |
| 109 | 11/33 | കെ.അബ്ദുൾ റസാഖ് | 160 | ഹോട്ടൽ | പാർപ്പിടാവശ്യം | 4 |
| 113 | 10/432 | സെബാസ്റ്റ്യൻ പുതിയപറമ്പിൽ | 25 | കാർപെന്ററി ആവശ്യത്തിന് | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർ പിരി ഷെഡ് | 10 |

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (18/20.02.2020)മറുപടിയായി അപേക്ഷകർ കെട്ടിട നമ്പർ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് അപാകം സംഭവിച്ചതെന്നാണ് അറിയിച്ചത്. അന്വേഷണ റിപ്പോർട്ട് തയ്യാറാക്കാതെ ലൈസൻസ് അനുവദിക്കുന്നതാണ് ഇതിനു കാരണമെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

2.സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ലാത്ത കെട്ടിടങ്ങൾക്ക് എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് നൽകിയത്

ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയ കെട്ടിട നമ്പറുകളിൽ ചിലത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന പരിശോധനന നടത്തിയപ്പോൾ ഡാറ്റ നിലവിലില്ല എന്നാണ് കാണിക്കുന്നത്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| എഫ്.ടി.ഇ&ഒ.എസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ഉപയോഗ ക്രമം. |
|---|---|---|
| 20 | 5/208 | അനാദിക്കച്ചവടം |
| 100 | 11/292 സി | ഹോട്ടൽ |
| 118 | 10/212എ | ഭക്ഷണ സാധനങ്ങളും അച്ചാറും നിർമ്മിച്ച് വില്പന. |

മുകളിൽ കൊടുത്ത കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്നതിനും കെട്ടിടങ്ങളുടെ ഡാറ്റ സംബന്ധിച്ച വിവരം സഞ്ചയയിൽ ഉൾപ്പെടുത്താത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/18-19,തീയ്യതി-20.2.2020) നൽകിയ മറുപടിയിൽ അപേക്ഷകളിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയതാണെന്നാണ് അറിയിച്ചത്. കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽ മാറ്റം വരുത്തുന്നത് നികുതിയിനത്തിൽ കുറവ് വരുന്നതിനും, കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമല്ലെങ്കിൽ ഭാവിയിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും തടസ്സമാകും.2018-19സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച മുഴുവൻ അപേക്ഷകളും പരിശോധിച്ച് ഇപ്രകാരം കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റി ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതും മേൽ കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള നിരക്കിൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

3. ബിഎസ് എൻ എൽ ടവറിന്റെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ട ബിഎസ് എൻ എൽ ടവറിന് നാളിതു വരെയായി ക്രമവൽക്കരണം നടത്തി വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്നത് അപാകമാണ്.

അപാകങ്ങൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-14 തൊഴിൽ നികുതി -അപാകങ്ങൾ .

ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നുള്ള ടേൺ ഓവർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതിയും സ്ഥാപനങ്ങളിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1)റേഷൻ കടകൾ.

2)കള്ള്ഷാപ്പ്.

3)അംഗൻവാടികൾ

4)പാലിയേറ്റീവ് നേഴ്സ്, പാലിയേറ്റീവ് ഡ്രൈവർ

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളെ ഡിമാന്റ് നോട്ടീസ് നല്കുന്നതിൽ നിന്ന് ഒഴിവാക്കുന്നത് ശരിയായ നടപടിയല്ല. ഭാവിയിൽ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും (തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാകുന്നുവെങ്കിൽ) തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

# 1-15 എഫ്.ടി.ഇ & ഒ.എസ്. ലൈസൻസ് -അപാകങ്ങൾ.

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ച 289 അപേക്ഷകളിൽ ഭൂരിഭാഗവും സെക്രട്ടറിയുടേയോ, അധികാരപ്പെടുത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെയോ അന്വേഷണ

റിപ്പോർട്ട് ഇല്ലാതെയാണ് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമായി . അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്താത്തതിനാൽ ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിൽപ്പോലും മാറ്റം വന്നിട്ടുണ്ട്.

കൂടാതെ മാട്ടൂൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.5.2018-ലെ 59/2018 നമ്പർ തീരുമാന പ്രകാരം 31.10.2017-ലെ ജി.ഒ.(പി)നം.80/2017.ത.സ്വ.ഭ.വ-ഉത്തരവ് പരിഗണിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും. 2018-19 സാമ്പത്തിക വർഷം അനുവദിച്ച ലൈസൻസുകളൊന്നും തന്നെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കിയല്ല. ഭരണ സമിതി തീരുമാനം പാലിക്കാതിരുന്നത് ശരിയല്ല.

റേഷൻ കടക്കാരും കള്ള് ഷോപ്പ് ഉടമകളും ലൈസൻസില്ലാതെയാണ് പ്രവർത്തിച്ച വരുന്നതെങ്കിലും നാളിതുവരെയും ഗ്രാമപഞ്ചായത്ത് ഉടമകൾക്കെതിരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല എന്നത് ഗുരുതരമായ അപാകമാണ്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/25.02.2020 ന് നല്കിയ മറുപടിയിൽ ഭരണസമിതി തീരുമാനപ്രകാരം തന്നെയാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നും മൂലധന നിക്ഷേപം അപേക്ഷകളിൽ രേഖപ്പെടുത്താതിരുന്നത് ശ്രദ്ധിക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള അപാകങ്ങൾ സംഭവിച്ചത് എന്നുമാണ് അറിയിച്ചത്. അപേക്ഷകൾ സ്ക്രൂട്ടിനി നടത്തി അന്വേഷണം നടത്തിയ ശേഷം മാത്രം ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 വാടക ബൈലോ തയ്യാറാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മൂന്ന് മുറികൾ വാടകയ്ക്ക് നല്കി വരുന്നുണ്ടെങ്കിലും വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളും മറ്റ് നിയമാവലികളും ഉൾപ്പെടുത്തിക്കൊണ്ട് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. അപാകം പരിഹരിക്കേണ്ടതാണ്.

## 1-17 കേന്ദ്രീകൃത വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ജി ഒ(പി) 259/10/തസ്വഭവ/08.11.2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ സമാഹരണ നടപടിക്രമങ്ങളിൽ, വേണ്ടി വരുന്ന സാധനങ്ങളുടേയും സേവനങ്ങളുടേയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ഉചിതമായ നടപടിക്രമമനുസരിച്ച് വാങ്ങൽ നടപടികൾ ആരംഭിക്കണമെന്നും നിരക്കുകൾ താരതമ്യം ചെയ്ത് വാർഷിക പദ്ധതി നിർവ്വഹണത്തിന് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തണമെന്നും ഓഫീസ് ഉപകരണം , ഫർണ്ണിച്ചർ ഇവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച വാങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ തരത്തിലുള്ള സാധനങ്ങൾ തന്നെ വ്യത്യസ്ത നിർവ്വഹണ

ഉദ്യോഗസ്ഥർ പ്രത്യേകമായി ടെണ്ടർ ക്ഷണിച്ച് വാങ്ങുകയും കൂടുതൽ സാധനങ്ങൾ ഇ ടെണ്ടർവഴി വാങ്ങുന്നതിലൂടെ ലഭ്യമാകാനിടയുള്ള ലാഭം ഗ്രാമപഞ്ചായത്തിന് ലഭിക്കാതാകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പദ്ധതി രൂപീകരിക്കുമ്പോൾ തന്നെ സമാന സ്വഭാവമുള്ള വാങ്ങലുകൾ ഉണ്ടാകുമെന്ന കാര്യം വ്യക്തമാകുന്നതാണ്. ഒരേ പർച്ചേസ് കമ്മറ്റി തന്നെയാണ് വാങ്ങലുകൾ മോണിറ്റർ ചെയ്യുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്രീകൃത വാങ്ങൽ സംവിധാനം പിൻതുടരാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായ അപാകമാണ്.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതിലേക്ക് ഉചിത നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-18 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും അവിചാരിത ദുരന്തങ്ങൾ നേരിടുന്നതിനായി ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണെങ്കിലും നാളിതു വരെ മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിൽ ഒരു ഫണ്ട് രൂപീകരിച്ചിട്ടില്ല.ചട്ടങ്ങൾ പാലിക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-19 ജനറൽ പർപ്പസ് ഫണ്ട് -അലോട്ട്മെന്റ് മുഴുവനായും അക്കൌണ്ടിൽ വരാത്തത്-860333 രൂപ വരവു നഷ്ടം

2018-19 സാമ്പത്തിക വർഷത്തെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം താഴെ പറയും പ്രകാരം 1,10,15,815 രൂപ ജനറൽ പർപ്പസ് ഫണ്ടിനത്തിൽ (96534+595281=691815 രൂപ റവന്യൂ കലക്ഷൻ ഇൻസെന്റീവ് ഉൾപ്പെടെ) ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്.

860333x11+860337+96534+595281 = 1,10,15,815രൂപ .

എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1,01,55,482രൂപ മാത്രമാണ് ഈയിനത്തിലുള്ള വരവ് രേഖപ്പെടുത്തിയത് (ആർ പി 7 ഷെഡ്യൂൾ). 8,60,333രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബന്ധപ്പെട്ട അക്കൌണ്ടിലേക്ക് മാറ്റിയിട്ടില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ആയതിനാൽ ഗ്രാമപഞ്ചായത്തിന് 8,60,333 രൂപയുടെ വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്. സർക്കാരിൽ നിന്ന് ലഭിച്ച അലോട്ട്മെന്റ് യഥാസമയം ട്രഷറിയിൽ സമർപ്പിച്ച് ബിൽ മാറാതിരുന്നത് കാരണം 8,60,333രൂപ നഷ്ടപെടുത്തിയത് ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടായ വീഴ്ചയാണ്.
ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (2/15-02-2020) മറുപടിയായി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-20 ടാർ വില മുഴുവനായും തിരികെ

# ഈടാക്കാത്തതും മറ്റ് അപാകങ്ങളും

2016-17,17-18 സാമ്പത്തിക വർഷങ്ങളിലായി വിവിധ കരാറുകാർക്ക് വാങ്ങി നല്കിയ ബിറ്റുമിൻ വില തിരികെ ഈടാക്കിയതിൽ 4,08,668രൂപ നിലവിലും തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി 18ൽ രേഖപ്പെടുത്തിയിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വാങ്ങിയ ബിറ്റുമിന്റെ അളവ്

| | |
|---|---|
| വി ജി 30 | 195ബാരൽ |
| ആർ എസ് 1 | 21 ബാരൽ |
| എസ് എസ് 1 | 34 ബാരൽ |

മുഴുവൻ സാധനങ്ങളും കരാറുകാർക്ക് വിതരണം ചെയ്തതായി ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പ്രവൃത്തികൾക്കു വേണ്ടി 8,08,528രൂപ ബിറ്റുമിൻ വാങ്ങുന്നതിനായി പിൻവലിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നല്കുകയും ആയത് ഉൾപ്പെടെ 13,75,325 രൂപ ബിറ്റുമിൻ വാങ്ങുന്നതിനായി ചെലവഴിക്കുകയും ചെയ്തു. 2016-17 ലെ ബാലൻസ് ഷീറ്റിൽ ബി 18 ഷെഡ്യൂളിൽ ബാലൻസായി കാണിച്ചത് 1375325-808525=566797രൂപയാണ്.

2017-18 സാമ്പത്തിക വർഷം ഈ ആവശ്യത്തിലേക്ക് തനത് ഫണ്ടിൽ നിന്ന് 2,25,663 രൂപ ചെലവഴിച്ചതായാണ് അക്കൗണ്ടുകൾ വ്യക്തമാക്കുന്നത്. മുൻവർഷത്തേതുൾപ്പെടെ 3,83,792 രൂപ തിരികെ ഈടാക്കിയതായി ആർ പി 47 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2017-18 ലെ ബാലൻസ് ഷീറ്റ് ബി 18 ഷെഡ്യൂൾ പ്രകാരം തിരികെ ഈടാക്കാനുള്ള തുക 4,08,668രൂപയാണ്. (566797+225663-383792). പ്രസ്തുത തുക തന്നെയാണ് 2018-19 ലും തിരികെ ഈടാക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. കരാറുകാർക്ക് വിതരണം ചെയ്ത ബിറ്റുമിന്റെ വില യഥാസമയം തിരികെ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ സബ്സിഡിയറി ക്യാഷ്ബുക്കിൽ എല്ലാ വർക്ക് ബില്ലുകളിൽ നിന്നും റിക്കവറി നടത്തിയതായാണ് രേഖപ്പെടുത്തിയത്. പ്രസ്തുത തുക യഥാസമയം തനത് ഫണ്ടിലേക്ക് റീക്ലപ്പ് ചെയ്യാത്തതാണോ അപാകത്തിന് കാരണം എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്.ബിറ്റുമിൻ വില തിരികെ ലഭിക്കാനുള്ളതുമായി ബന്ധപ്പെട്ട് വിശദമായ പരിശോധന നടത്തി മറുപടി നല്കേണ്ടതാണ്.

തനത് ഫണ്ട് ഉപയോഗിച്ച് നടത്തിയ പ്രവൃത്തികളിലെ അപാകങ്ങൾ

2017-18 സാമ്പത്തിക വർഷം തനതു ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും ചെലവു വിവരങ്ങൾ സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തുകയോ വർക്ക് ബിൽ റിക്കവറികൾ ഒടുക്കുകയോ ചെയ്തിട്ടില്ല. കരാറുകാർക്ക് നല്കാനുള്ള തുകയുടെ ചെക്ക് മാത്രം നല്കുകയാണ് ചെയ്തത്.ആയത് ഗുരുതരമായ അപാകമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വരുന്ന പദ്ധതികൾക്കു വേണ്ടി സെക്രട്ടറി നേരിട്ട് തുക ചെലവഴിച്ചതാണ് അപാകത്തിന് കാരണമെന്ന് ഓഡിറ്റിൽ നിരീക്ഷിക്കുന്നു.

ഓഡിറ്റ് വർഷവും തനത് ഫണ്ടുപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ റിക്കവറികൾ ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ബിറ്റുമിൻ വിലയിനത്തിൽ തിരികെ ഈടാക്കാൻ ബാക്കിയുള്ള തുക എത്രയും പെട്ടെന്ന് ഈടാക്കി ബിറ്റുമിൻ വാങ്ങുന്നതിനായി ഉപയോഗപ്പെടുത്തിയ കണക്കിനത്തിൽ തിരിച്ചടക്കേണ്ടതും വർക്ക്

ബിൽ റിക്കവറികൾ ഒടുക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/25.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 മണൽ ഫിൽട്ടറിംഗ്-സ്രോതസ്സിൽ നിന്നും ഇൻകം ടാക്സ് കുറവു ചെയ്യാതെ ബിൽത്തുക നല്കി

പഞ്ചായത്തിലെ മാനുവൽ ഡ്രഡ്ജിംഗ് വഴി ശേഖരിക്കുന്ന മണൽ ഫിൽട്ടർ ചെയ്യുന്നത് പാപ്പിനിശ്ശേരി കെട്ടിട നിർമ്മാണ തൊഴിലാളി സഹകരണ സംഘം പാപ്പിനിശ്ശേരി എന്ന സ്ഥാപനമാണ്. ഫിൽട്ടർ ചെയ്യുന്ന മണലിന് ടണ്ണിന് 115 രൂപ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്ന് തുക അനുവദിക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൌച്ചർ നമ്പർ | തീയതി | ഫിൽട്ടർ ചെയ്ത മണലിന്റെ അളവ് | തുക |
|---|---|---|---|---|
| 1 | 21800052 | 12-04-2018 | 3726 | 428490 |
| 2 | 21800106 | 10-05-2018 | 2661 | 306015 |
| 3 | 21800172 | 11-06-2018 | 2274 | 261510 |
| 4 | 21800251 | 07-07-2018 | 1619 | 186185 |
| 5 | 21800361 | 08-08-2018 | 1431 | 164565 |
| 6 | 21800495 | 07-09-2018 | 1016 | 116840 |
| 7 | 21800584 | 09-10-2018 | 4320 | 496800 |
| 8 | 21800652 | 05-11-2018 | 3828 | 440220 |
| 9 | 21800758 | 10-12-2018 | 1854 | 213210 |
| 10 | 21800827 | 10-01-2019 | 1862 | 214130 |
| 11 | 21800926 | 05-02-2019 | 1845 | 212175 |
| 12 | 21801004 | 05-03-2019 | 1506 | 173190 |
| 13 | 21801261 | 31-03-2019 | 1241 | 142715 |
| ആകെ | | | 29183 | 3356045 |

ഇൻകംടാക്സ് നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം ആദായ നികുതി ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണെങ്കിലും ആയത് ചെയ്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/27-02-2020) നല്കിയ മറുപടിയിൽ ആദായ നികുതി ഈടാക്കിയിട്ടില്ല എന്നും തുടർന്നുള്ള ബില്ലുകളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവു വരുത്തി ഒടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. കുടിശ്ശികയായ ആദായനികുതി ഈടാക്കി ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 ക്ഷേമപെൻഷൻ - മരണപ്പെടുന്ന ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്ന്

# ഒഴിവാക്കുന്നില്ല

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷനർ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| ശ്രീ മുസ്തഫ പി എ പി | 711298669497 | 111000200566 | 29.11.18 | 4/19 വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്തു |
| ശ്രീമതി സൈനബ ഇ സി | 529526733105 | 111000200176 | 7.12.18 | 4/19 വരെയുള്ളത് വീട്ടിൽ എത്തിച്ചത് കൈപ്പറ്റി |
| ശ്രീ ദേവസി വി സി | 419161550522 | 111000200929 | 12.11.18 | 7/19വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്തു. (സ്റ്റാറ്റസ്- ആക്ടീവ്) |
| ശ്രീ കുഞ്ഞഹമ്മദ് ടി ടി | 553439390566 | 111000201483 | 15.11.18 | 4/19 വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്തു |
| ശ്രീ അബ്ദുൾ മജീദ്.കെപി കെ | 678788677527 | 111000201682 | 4.10.18 | 4/19 വരെ ബാങ്കിൽ ക്രെഡിറ്റ് ചെയ്തു |
3.കാലിതീറ്റ വിതരണം നടത്തിയത് അർച്ചന കുടുംബശ്രീ മുഖേനയാണ്. കാലിതീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ കൊഴിഞ്ഞ് പോയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | കന്ന്കുട്ടിയുടെ നമ്പർ | സബ്സിഡി അനുവദിച്ച കാലയളവ് | അനുവദിച്ച തുക |
|---|---|---|---|---|
| 1 | മഹ് മൂദ് പി വി | 420034/945643 | 19-12-2018 to 14-06-2019 | 4020 |
| 2 | കൌസല്യ സി | 420044/945643 | 30-04-2019 to 26-11-2019 | 4020 |

പദ്ധതി പൂർത്തിയാകുന്ന മുറക്ക് ഇത്തരം ഗുണഭോക്താക്കൾക്കു വേണ്ടി അടവാക്കിയ തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

# 1-37 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നല്കൽ അപാകങ്ങൾ ₹ 2,00,000(150000+50000) ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

1-പ്രോജക്ട് നമ്പർ 24/18,59/2019, പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നല്കൽ

അടങ്കൽ ₹4,00,000 (₹3,20,000 വികസനഫണ്ട് എസ് സി പി ,₹80,000 തനത് ഫണ്ട്)

ബിൽ നമ്പർ 10/19-12-2018 ₹50,000

പ്രോജക്ട് പ്രകാരം ₹50,000 മുൻകൂർ അനുവദിച്ച ശ്രീമതി സുമ കെ (കെട്ടിട നമ്പർ XI 221 A )അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് , പുതിയ നിർമ്മാണത്തിന്റെ പ്ലാൻ, കെട്ടിട നിർമ്മാണ പെർമിറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതും ഏതു ഘട്ടം വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24/27-02-2020) മറുപടി നല്കിയിട്ടില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം മുൻകൂർ നല്കിയ തുക തിരികെ ഈടാക്കേണ്ടതുമാണ്. 50000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

2-പ്രോജക്ട് നമ്പർ 152/2019 പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നല്കൽ

അടങ്കൽ (₹2,00,000 വികസനഫണ്ട് എസ് സി പി )

ചെലവ്-₹2,00,000

ബിൽ നമ്പർ 2/25-05-2018 ₹1,00,000

ബിൽ നമ്പർ 05/31-05-2018 ₹1,00,000

ബിൽ നമ്പർ 12/28-02-2018 ₹50,000

ബിൽ നമ്പർ 13/20-03-2018 ₹50,000

പഠനമുറി നിർമ്മിക്കുന്നതിന് 3 ഗുണഭോക്താക്കൾക്ക് ₹1,00,000 വീതം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ജി ഒ (പി) 22/2018 ത സ്വ ഭ വ തീയതി 14-02-2018 ഖ 7.2.17 പ്രകാരം തുക നല്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയം ആവശ്യമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആനുകൂല്യം നല്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | അപാകങ്ങൾ |
|---|---|---|
| 1 | ശാലിനി | അസിസ്റ്റന്റ് എഞ്ചിനിയർ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ഓവർസീയർ നല്കിയ മൂല്യനിർണ്ണയസാക്ഷ്യപത്രം പ്രകാരം ₹50000 മാത്രമാണ് അർഹത. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 2 | രാജൻ പനയൻ | അസിസ്റ്റന്റ് എഞ്ചിനിയർ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ഓവർസീയർ നല്കിയ മൂല്യനിർണ്ണയ പ്രകാരം ₹50000 മാത്രമാണ് അർഹത. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |
| 3 | ബിന്ദു കെ | അസിസ്റ്റന്റ് എഞ്ചിനിയർ മൂല്യ നിർണ്ണയം നടത്തിയിട്ടില്ല. ഓവർസീയർ നല്കിയ മൂല്യനിർണ്ണയ പ്രകാരം ₹50000 മാത്രമാണ് അർഹത. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല |

ഓവർസിയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ പറഞ്ഞതിനേക്കാൾ കൂടുതലായി തുക നല്കിയതിന് വിശദീകരണം നല്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (24/27-02-2020)

നല്കിയ മറുപടിയിൽ പൂർത്തീകരിക്കുന്നതിന് മുമ്പായി നല്കിയ വാല്യേഷൻ ആയിരുന്നു അതെന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷൻ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.മറുപടി തൃപ്തികരമല്ല. മറുപടിയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ വാല്യേഷൻ പ്രകാരം നല്കാവുന്നതിനേക്കാൾ കൂടുതലായി നല്കിയ 1,50,000 രൂപ (50000*3)തടസത്തിൽ വെക്കുന്നു.

# 1-38 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ് ടോപ്പ് -അപാകങ്ങൾ-265300രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ സബ് ഇൻസ്പെക്ടർ,ഫിഷറീസ്

പ്രോജക്ട് നമ്പർ 94/19

അടങ്കൽ

2,66,000(2,51,000-വികസന ഫണ്ട്, 15000- തനത് ഫണ്ട്)

ചെലവ്

ബിൽ നമ്പർ 3/18-19 22.02.19 2,51,000

ചെക്ക് നമ്പർ 65658/13.02.19 14,300

ആകെ 2,65,300രൂപ

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1.ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് & ലേബർ സോഷ്യൽ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി,കൊല്ലം എന്ന സ്ഥാപനം സപ്ലൈ ചെയ്ത ലാപ്പ് ടോപ്പുകൾ(ACER-@₹25099) നിശ്ചിത സ്പെസിഫിക്കേഷനോടു കൂടിയതല്ല എന്ന കാരണത്താൽ തിരിച്ചയക്കുകയും പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്പെസിഫിക്കേഷൻ പരിശോധിച്ചത് ആരെന്ന് വ്യക്തമല്ല.

2.ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയതിനെ തുടർന്ന് തൊട്ടടുത്ത സ്ഥാപനമായ അഫിനിറ്റി ഐ ടി സിസ്റ്റംസ് , കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ്പ് ടോപ്പുകൾ വാങ്ങിയത്. പ്രസ്തുത സ്ഥാപനം മൂന്ന് മോഡലുകളിലുള്ള ലാപ്പ് ടോപ്പുകൾക്കുള്ള നിരക്ക് ക്വാട്ട് ചെയ്തിരുന്നു. ആയതിൽ ഏറ്റവും കുറവ് ഐസറിന്റെ മോഡലിന്റേതായിരുന്നുവെങ്കിലും (@₹25100)അത് വാങ്ങാതെ LENOVE ലാപ്പ് ടോപ്പ്(@₹26530) ആണ് വാങ്ങിയത്. ഇതുമായി ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിലും എയ്സർ മോഡലിന്റെ കാര്യം സൂചിപ്പിച്ചിട്ടില്ല

3. LENOVE ലാപ്പ് ടോപ്പിന് സ്ഥാപനം ഉറപ്പു നല്കിയിരുന്ന വാറണ്ടി അഞ്ചു വർഷത്തേതായിരുന്നുവെങ്കിലും പിഡബ്ല്യു ഡി ഇലക്ട്രോണിക്ക് വിഭാഗത്തിൽ നിന്നും ലഭ്യമായ സ്പെസിഫിക്കേഷൻ സംബന്ധിച്ച സാക്ഷ്യപത്രത്തിൽ 3 വർഷത്തെ വാറണ്ടി എന്നാണ് രേഖപ്പെടുത്തിയത്. വാറണ്ടിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പർച്ചേസ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുമില്ല. സ്ഥാപനം പിന്നീട് അറിയിച്ചതിനെ തുടർന്നാണ് വാറണ്ടി കാലയളവ് കുറച്ചതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.പാരലൽ കോളജിൽ പഠിക്കുന്ന വിദ്യാർത്ഥികൾ യൂനിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയ ശേഷം ആനുകൂല്യം നല്കാനാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. താഴെ പറയുന്ന വിദ്യാർത്ഥികളുടെ യൂനിവേഴ്സിറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

തൻസീറ സി എച്ച്- ഹസനൽ ബസ്വരി വുമൻസ് കോളേജ്,മുട്ടം

ആബിദ എ- ബ്രൈറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്,മാട്ടൂൽ

മുനവിർ അലി-ബ്രൈറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്,മാട്ടൂൽ

റിച്ചിൻ ദാസ്.ടി.വി- കോളേജ് ഓഫ് കോമേഴ്സ്,കണ്ണൂർ

തബ്ശീറ.കെ-ഹസനൽ ബസ്വരി വുമൻസ് കോളേജ്,മുട്ടം

നിസ്മാം കെ-ബ്രൈറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്,മാട്ടൂൽ

5. അംഗീകൃത വെബ്പോർട്ടൽ വഴി ലാപ്പ് ടോപ്പുകൾ വാങ്ങാതിരുന്നതും അപാകമാണ്
6.വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

265300 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്

# 1-39 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- കിണർ നിർമ്മാണം- അപാകങ്ങൾ

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ,പത്താം വാർഡിലെ ശ്രീമതി റഷീദ കെ വി എന്ന വ്യക്തിക്ക് കിണർ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിലും അളവു രേഖപ്പെടുത്തിയതിലും താഴെ പറയുന്ന അപാകങ്ങൾ ഉണ്ടായിട്ടുണ്ട്.
1.എസ്റ്റിമേറ്റിൽ കിണർ കുഴിക്കുന്നതിനായി മണ്ണെടുക്കുന്ന പ്രവൃത്തിക്കായി 1.5 മീറ്റർ ആരം കാണിക്കുന്നതിനു പകരം 3 മീറ്ററാണ് ആരം കാണിച്ചിട്ടുള്ളത്. കിണറിന്റെ വ്യാസം 3 മീറ്റർ മാത്രമാണ്.
2.കല്ല് കെട്ടുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ 3.14 കൊണ്ട് ഗുണിക്കുന്നതിനു പകരം 9.67 കൊണ്ട് ഗുണിച്ചതിനാൽ(CF) അളവ് കൂടുതലായി രേഖപ്പെടുത്താൻ ഇടയായിട്ടുണ്ട്. ഇതു മൂലം എം ബുക്കിൽ കൂടുതലായി രേഖപ്പെടുത്തിയ അളവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| അളവ് രേഖപ്പെടുത്തിയത് | രേഖപ്പെടുത്തേണ്ടത് | കൂടുതൽ |
|---|---|---|
| 9.67*2.5*.2*7=33.853m3 | 3.14*2.5*.2*7=10.99m3 | 22.863m3 |

രേഖപ്പെടുത്തലിൽ വന്ന പിഴവ് കൂലി നല്കുന്നതിനെ ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അധികം നല്കിയ തുക തിരിച്ചു പിടിക്കേണ്ടതുമാണ്.
ഇതേ വാർഡിൽ ശ്രീമതി ഷക്കീല എന്നവർക്ക് കുഴിച്ചു നല്കിയ കിണറിന്റെ വ്യാസം 3m ആണ്. ടിയാരിയുടെ കിണർ കുഴിക്കലിന് കല്ലുകെട്ടിനും ബോർഡ് സ്ഥാപിക്കലിനുമുൾപ്പെടെ ആകെ എസ്റ്റിമേറ്റ് തുക 53554രൂപ മാത്രമായിരിക്കെ ശ്രീമതി റഷീദയ്ക്ക് വേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് 189784രൂപയുടെതായിരുന്നു. കൂലിയിനത്തിൽ 20,028 രൂപ അനുവദിച്ചതായി എം ബുക്കിൽ

രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി തുക നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

സ്ഥലപരിശോധന നടത്തി കിണറിന്റെ യഥാർത്ഥ വാല്യേഷൻ കണക്കാക്കേണ്ടതും അധികമായി നല്കിയ തുക തിരിച്ചടക്കേണ്ടതുമാണ്.

കിണർ നിർമ്മാണത്തിന് വ്യത്യസ്ത ഗുണഭോക്താക്കൾക്ക് വ്യത്യസ്ത രീതിയിലാണ് തുക നല്കിയിട്ടുള്ളത്. ചില ഗുണഭോക്താക്കൾക്ക് ബില്ലിന്റെ മെറ്റീരിയൽ വില അടിസ്ഥാനത്തിൽ നല്കിയിട്ടുണ്ട്.ഏതൊക്കെ ഇനങ്ങൾക്കാണ് തുക നല്കാവുന്നത് എന്ന് വ്യക്തമാക്കേണ്ടതാണ്.

മെറ്റീരിയൽ വാങ്ങൽ സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 93/2012 തീയതി 31.03.12 ലെ വ്യവസ്ഥകൾ പാലിക്കാത്തതും അപാകമാണ്.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 34/28.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-40 നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് ജല സംരക്ഷണ പ്രവൃത്തി-നിർവ്വഹണത്തിലെ ഗുരുതരമായ അപാകങ്ങൾ - അധികം നല്കിയ തുക തിരിച്ചടക്കേണ്ടതാണ്

നീർത്തട സംരക്ഷണ പ്രവർത്തനങ്ങൾക്കായി മണ്ണ് ജല സംരക്ഷണ പ്രവൃത്തി- പതിമൂന്നാം വാർഡ്-തെങ്ങ് പ്ലാന്റേഷൻ - എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന ഗുരുതരമായ പിഴവുകൾ ഉണ്ടായിട്ടുണ്ട്

എം ബുക്ക് നമ്പർ 48/18-19

അടങ്കൽ 1,12,245രൂപ

ചെലവ് 1,07,976രൂപ(43608+23520+40848)

ഓഡിറ്റ് എൻക്വയറി നമ്പർ 33/28.02.2020-മറുപടി നല്കിയിട്ടില്ല

1.35*34 വിസ്തൃതിയിൽ കാടുവെട്ടിത്തെളിയിച്ച് തെങ്ങിൻതൈകൾ നടുന്നതിന് കുഴികൾ നിർമ്മിക്കുകയായിരുന്നു പദ്ധതി ലക്ഷ്യമെങ്കിലും രണ്ടാമത്തെ ഇനമായ കുഴികൾ നിർമ്മിക്കൽ ചെയ്യാതെ മണ്ണ് കിളക്കൽ മാത്രമാണ് ചെയ്തിരിക്കുന്നത്. ആയത് പദ്ധതി ലക്ഷ്യത്തിൽ നിന്നുള്ള വ്യതിചലനമാണ്

2.രണ്ടാമത്തെ ഇനത്തിന് നല്കിയിരിക്കുന്ന നിരക്ക് ഇനം 80.29 ന്റെ നിരക്കായ 90.78/ഘനമീറ്റർ ആണ്. ആയത് കുഴികൾ കുഴിക്കുന്നതിനായി മണ്ണെടുക്കുന്നതിനുള്ള നിരക്കാണ്. മണ്ണ് കിളക്കൽ നടത്തുകയും (ഇനം 2.1.1 നിരക്ക് 35.77/ച.മീ) കുഴി കുഴിക്കുന്നതിനുള്ള നിരക്ക് നല്കുകയും ചെയ്തതിനാൽ താഴെ പറയും പ്രകാരം അധിക തുക നല്കാനിടയായിട്ടുണ്ട്

ചെയ്ത അളവ്

| എം ബുക്ക് പേജ് നമ്പർ | അളവ് |
|---|---|
| 2 | 34*12.5= 425ച.മീ |
| 6 | 34*8=272ച.മീ |

| | |
|---|---|
| 9 | 34*13.5=459ച.മീ |
| ആകെ | 1156ചതുരശ്ര മീറ്റർ |

1156ചതുരശ്ര മീറ്റർ പ്രവൃത്തി ചെയ്യുന്നതിന് ഘനമീറ്ററിന് 90.78 നിരക്ക് നല്കിയത് യുക്തിക്ക് നിരക്കുന്നതല്ല.

1156*(90.78-35.77)=1156*55.01=63591.56രൂപ അധികം നല്കിയത് തിരിച്ച് പിടിക്കേണ്ടതാണ്.

3.ആവശ്യമായതിലും കൂടുതൽ തൊഴിൽ ദിനങ്ങൾ മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തി തുക നല്കിയത് ഗുരുതരമായ പിഴവാണ് . ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

4.ഉടമസ്ഥരുടെ സമ്മതത്തോടെയാണോ പ്രവൃത്തിയിൽ മാറ്റം വരുത്തിയത് എന്ന് അറിയിക്കേണ്ടതാണ്.അപേക്ഷകളും സമ്മതപത്രവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നിലമൊരുക്കിയത് ഏത് ആവശ്യത്തിനാണ് ഉപയോഗപ്പെടുത്തിയത് എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

5.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.
എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും സാങ്കേതികാനുമതി നല്കിയതിലും ഗുരുതരമായ പിഴവ് വന്നിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിലേക്കായി കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
വിശദമായ അന്വേഷണം നടത്തി നഷ്ടത്തിന് ഉത്തരവാദിയായവരിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-41 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നടത്തിപ്പ്- പൊതു അപാകങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

1.ഫയലുകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകളും കൈവശാവകാശം തെളിയിക്കുന്ന രേഖകളും ഉൾപ്പെടുത്തിയിട്ടില്ല. വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്ന സംഗതികളിൽ ഏത് ഗുണഭോക്താവിനാണ് ആനുകൂല്യം നല്കിയതെന്നോ പദ്ധതി പൂർത്തീകരണ വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല എന്നതും അപാകമാണ്. സൈറ്റ് ഡയറി സൂക്ഷിക്കാത്ത ഫയലുകളും ഉണ്ട്.

2.പദ്ധതികൾ എവിടെയാണ് നടപ്പാക്കിയത് എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഡ് നമ്പറും പ്രവൃത്തിയുടെ പേരും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (ഉദാഹരണമായി സ്ഥലമോ സർവ്വേ നമ്പറോ രേഖപ്പെടുത്താതെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്ന മാത്രം രേഖപ്പെടുത്തുന്നു)

3.കോഴിക്കൂട്, ആട്ടിൻ കൂട് നിർമ്മാണം- ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കപ്പെട്ടിട്ടില്ല. ജീവനോപാധി എന്ന നിലയിലാണ് ആനുകൂല്യം നല്കിയതെന്നിരിക്കെ അർഹതാ നിർണ്ണയം നടത്തിയതെങ്ങനെയെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്

4.ഗുണഭോക്താക്കളുടെ അപേക്ഷകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കോഴിക്കൂട് , ആട്ടിൻ കൂട് നിർമ്മാണത്തിൽ എത്ര കോഴികളെ അല്ലെങ്കിൽ ആടുകളെ വളർത്തുന്നതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിനാണ് അപേക്ഷിച്ചത് എന്ന് വ്യക്തമല്ല.എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനം വ്യക്തമാക്കേണ്ടതാണ്. പ്ലാൻ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാനദണ്ഡപ്രകാരം 100കോഴികൾക്ക് 7.5m2 വിസ്തൃതിയുള്ള കൂടാണ് തയ്യാറാക്കേണ്ടതെന്നിരിക്കെ 17.5 m2 വിസ്തൃതിയുള്ള കൂടാണ് നിർമ്മിച്ചിട്ടുള്ളത്. വാല്വേഷൻ പ്രകാരമുള്ള മുഴുവൻ തുകയും നല്കിയിട്ടുണ്ട്.

5.അവിദഗ്ദ്ധ തൊഴിലിനത്തിൽ കൂടുതലായും കാടുവെട്ടൽ പ്രവൃത്തി ചെയ്യാനാണ് തുക ചെലവഴിച്ചിട്ടുള്ളത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇത്തരം പ്രവൃത്തികളിൽ ഉടമസ്ഥരുടെ സമ്മതപത്രം, അപേക്ഷ ഇവ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

6.സാധനങ്ങൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും സ്റ്റോക്ക് രജിസ്റ്ററും പർച്ചേസ് കമ്മറ്റി മിനുട്സും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.
അപാകങ്ങൾ പരിഹരിക്കേണ്ടതും പദ്ധതി സംബന്ധിച്ച വിശദമായ സോഷ്യൽ ഓഡിറ്റ് നടത്തി എസ്റ്റിമേറ്റ് പ്രകാരം തന്നെയാണ് പ്രവൃത്തികൾ നടത്തിയതെന്നും മറ്റ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്
അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

# 1-42 റോഡ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയില്ല

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.02.18 ലെ ഡി ബി3/4620/12/സി ഇ നമ്പർ സർക്കുലറിൽ 2018-19 സാമ്പത്തിക വർഷത്തിൽ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% റോഡ് ടാറിംഗ് പ്രവൃത്തികളിലും ഷ്രഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നത് അപാകമാണ്.

# 1-43 വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലംപ്സം പ്രൊവിഷൻ നല്കി പ്രവൃത്തി നടപ്പാക്കുന്നതും മറ്റ് അപാകങ്ങളും-301387രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

1.വിവിധ അംഗണവാടികൾക്ക് കുടിവെള്ള സൌകര്യം ഏർപ്പെടുത്തൽ

പ്രോജക്ട് നമ്പർ 177/18, 146/19

അടങ്കൽ 3,16,244(സംരക്ഷണ ഗ്രാന്റ്-റോഡിതരം)

ചെലവ്

2,80,886

1/18-19,21.05.18 ₹2,60,000

ബാക്കി തുക ഓഡിറ്റ് വർഷം നല്കിയിട്ടില്ല

കരാറുകാരൻ ശ്രീ സി പി ശിവദാസൻ(.01%കുറഞ്ഞ നിരക്ക്)

എം ബുക്ക് നമ്പർ 37/17-18,37A/17-18

മാട്ടൂൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പതിനൊന്ന് അംഗനവാടികൾക്ക് കുടിവെള്ള സൌകര്യം ഏർപ്പെടുത്തുന്നതിന് വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പതിനൊന്ന് അംഗനവാടികൾക്ക് കുഴൽക്കിണർ സ്ഥാപിക്കുക, വാട്ടർടാങ്ക്,പ്ലംബിംഗ് വർക്ക് ,മോട്ടോർ തുടങ്ങിയവ സ്ഥാപിക്കുക എന്നീ ഇനങ്ങളാണ് ഉൾപ്പെടുത്തിയത്. എസ്റ്റിമേറ്റിന്റെ അനുബന്ധം ഒന്നിൽ കുഴൽക്കിണർ സ്ഥാപിക്കലും ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപിക്കലുമാണ് ഉൾപ്പെടുന്നത്. അനുബന്ധം 2 ൽ മറ്റു പ്രവൃത്തികൾക്കായി ലംപ്സം തുകയായി 1,65,000രൂപ വകയിരുത്തുകയാണ് ചെയ്തത്(പമ്പ്സെറ്റ്, വാട്ടർടാങ്ക്, ടാപ്പ് മുതലായവ). പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.ലംപ്സം തുക രേഖപ്പെടുത്തിയ ഇനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കാതെ കരാറുകാരൻ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ചെലവു നടത്തി. ഏതൊക്കെ ഇനങ്ങളാണ് ചെയ്തത് എന്ന് വ്യക്തമാകുന്ന രീതിയിൽ സ്പെസിഫിക്കേഷൻ കൂടി ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നടപ്പാക്കിയത് ശരിയായ നടപടിക്രമമല്ല.

2.പതിനൊന്ന് അംഗനവാടികൾക്ക് കുഴൽക്കിണർ നിർമ്മിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും പത്തെണ്ണത്തിനു മാത്രമാണ് കുഴൽക്കിണർ നിർമ്മിച്ചു നല്കിയത്(കക്കാടം ചാൽ 1ഒഴിവാക്കി-ഓപ്പൺവെൽ ഉള്ളതിനാൽ) . സൈറ്റ് പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് ശരിയല്ല.

3.പമ്പ് സെറ്റ് , ടാപ്പ് മുതലായവ വാങ്ങിയതുമായി ബന്ധപ്പെട്ട പർച്ചേസ് ബിൽ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല(തുക 1,15,203രൂപ)

4.കരാറുകാരൻ ക്വാട്ട് ചെയ്തത് അനുബന്ധം ഒന്നിലെ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള നിരക്കുകൾ മാത്രമാണ്.പിന്നീട് ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ബാക്കി പ്രവൃത്തികളും ചെയ്യാൻ പ്രസ്തുത വ്യക്തിയെ ഏല്പിച്ചു കൊണ്ട് കരാറിലേർപ്പെടുകയും പർച്ചേസ് ബില്ലുകളുടെയും പ്ലംബറുടെ ബില്ലിന്റെയും അടിസ്ഥാനത്തിൽ തുക നല്കുകയും ചെയ്യുകയാണുണ്ടായത്.റേറ്റ് ഇല്ലാത്ത ഇനങ്ങൾക്ക് മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ ഒബ്സർവ്ഡ്/മോഡിഫൈഡ് ഡാറ്റ തയ്യാറാക്കി വേണമായിരുന്നു പദ്ധതി നടപ്പിലാക്കേണ്ടിയിരുന്നത്

5.സുലേഖ ചെലവു പത്രികയിൽ 2,60,000രൂപയാണ് ചെലവു രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥ ചെലവ് 2,80,886രൂപയാണ്. ബാക്കിതുക നല്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 8/18.02.2020ന് മറുപടി നല്കിയിട്ടില്ല. 2,60,000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

2പി എച്ച് സി സബ്സെന്റർ,മടക്കരയുടെ പ്ലംബിംഗ് വർക്ക്

അടങ്കൽ ₹50000(സംരക്ഷണ ഗ്രാന്റ് - റോഡിതരം)

ചെലവ് ₹41387 (ബിൽ നമ്പർ 2/21.05.18)

എം ബുക്ക് നമ്പർ 36/17-18

കരാറുകാരൻ ശ്രീ സി പി ശിവദാസൻ

ഇതേ സൈറ്റിൽ 2016-17 സാമ്പത്തിക വർഷം മേൽക്കൂര നിർമ്മാണത്തിനും പ്ലംബിംഗ് വർക്കുകൾക്കുമായി പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും (പ്രോജക്ട് നമ്പർ 125/17) പ്രസ്തുത വർഷം മേൽക്കൂര നിർമ്മാണം മാത്രം പൂർത്തിയാക്കുകയും 2017-18സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും ചെയ്തു. കരാറുകാരൻ പ്രവൃത്തി ചെയ്യാത്തതിനെ തുടർന്ന് പാർട്ട് ബില്ല് ഫൈനൽ ബില്ലായി കണക്കാക്കുകയാണ് ചെയ്തത്. കരാറുകാരനെതിരെ കരാർ ലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കാത്തത് അപാകമാണ്.

2017-18 ൽ പ്ലംബിംഗിനു മാത്രമായി പുതിയ പദ്ധതി തയ്യാറാക്കുകയും ഓഡിറ്റ് വർഷം നടപ്പാക്കുകയും ചെയ്തു.

ക്രമനമ്പർ ഒന്നിൽ സൂചിപ്പിച്ച അതേ രീതിയിൽ പർച്ചേസ് ബില്ലിന്റെ അടിസ്ഥാനത്തിലാണ് വാട്ടർടാങ്ക് മുതലായവ സ്ഥാപിച്ചതിനുള്ള തുക കണക്കാക്കിയിട്ടുള്ളത്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ലംപ്സം പ്രൊവിഷൻ നല്കി ഈ രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

കരാർ ലംഘനം നടത്തുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാത്തതിനും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പദ്ധതി നിർവ്വഹണം നടത്തിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.41387രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.07.19,09.07.19 | കെ. എസ് .എ / കെ. എൻ. ആർ. / സി.2 /1370/2019.<br>തീയ്യതി: 17.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട്

# വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 3,00,000 | ബഡ്സ്സ്കൂൾ പ്രവർത്തനം,93/19 | 2,94,712 | 5288 |
| | | 42,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 165/19 | 42,000 | 0 |
| | | 2,00,000 | ശാരീരിക മാനസീക വെല്ലു വിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ബത്ത നല്കൽ, 71/19 | 2,00,000 | 0 |
| | | 9,00,000 | മടക്കര പൂത്താലിത്തോട് വിസിബിക്കും പാർശ്വഭിത്തിക്കും പുനരുദ്ധാരണം,69/19 | 0 | 9,00,000 |
| | | 10,00,000 (മുൻവർഷം ലഭിച്ച തുക) | അംബേദ്കർ കമ്മ്യൂണിറ്റി ഹാൾ നവീകരണം,149/19 | 0 | 10,00,000 |
| | | 1,87,000 | നെൽക്കൃഷിക്ക് വിത്തും കൂലിച്ചെലവും,1/19 | 1,87,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,00,000 | ബഡ്സ്സ്കൂൾ പ്രവർത്തനം,93/19 | 0 | 2,00,000 |
| | | 1,00,000 | ശാരീരിക മാനസീക വെല്ലു വിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ബത്ത നല്കൽ, 71/19 | 1,00,000 | 0 |
| | | 42,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 165/19 | 40,000 | 2,000 |

സംയുക്ത പദ്ധതികൾക്കായി ലഭിക്കുന്ന ഫണ്ട് അതാത് വർഷം വിനിയോഗിക്കാതെ തുടർന്നുള്ള വർഷങ്ങളിലേക്ക് ക്യാരി ഫോർവേർഡ് ചെയ്യുന്നത് ശരിയായ നടപടിയല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റിന് ലൈൻ വലിക്കൽ,168/19 | 21800578/9.10.18 | 31550 | 0 | 31550 |
| കെ എസ് ഇ ബി | കക്കാടൻചാൽ അംഗനവാടി വൈദ്യുതീകരണം,122/19 | 21800431/21.08.18 | 24214 | 0 | 24214 |
| കെ എസ് ഇ ബി | കക്കാടൻ ചാൽ ബീച്ച് റോഡ് സ്ട്രീറ്റ് ലൈറ്റ് ലൈൻവലിക്കൽ,120/19 | 21800432/21.08.18 | 73800 | 0 | 73800 |

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ല. മുൻവർഷങ്ങളിൽ എടുത്ത വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും ഓഡിറ്റ് വർഷം തിരിച്ചടച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്,ഉദ്ദേശ്യം,ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|
| ഇ എം എസ് ലോൺ-പ്രത്യേക ഭവന | 54,00,000 | 29,10,000 | 3,00,000 | 4,56,838 | 26,10,000 |

| | | | | | |
|---|---|---|---|---|---|
| നിർമ്മാണ പദ്ധതി<br>75894/ഡി ബി 1/12/ തസ്വഭവ തീയതി 15.03.2013 | (പലിശ നിരക്ക് 11%)<br>മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക്<br>എടുത്ത വായ്പ 53,40,000 | | | | |

വായ്പ തുക പദ്ധതി വിഹിതത്തിൽ നിന്നും പലിശ തനതു ഫണ്ടിൽ നിന്നും ഒടുക്കുവാനാണ് അനുമതി നല്കിയിരുന്നത്. പലിശ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

# 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 10000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

<u>വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 18 തീയതി 20.06.15 , മെമ്പർ നമ്പർ ഡി 100 (2 ഡി ക്ലാസ് ഷെയറുകൾ) | 10000രൂപ |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18747രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3-2 | 5835 | ഷാനവാസ് പി,സെക്രട്ടറി | 118030106157/14.03.19 |
| | | | | |

| | | | | |
|---|---|---|---|---|
| 2006-07 | 3-4 | 6742 | കെ പി നിസാർ ,കോൺട്രാക്റ്റർ | 118030106158/14.03.19 |
| 2008-09 | 2-3(4) | 2500 | മാനേജർ,ഇരണാവ് സർവ്വീസ് സഹകരണ ബാങ്ക് | 118030106320/18.03.19 |
| 2006-07 | 3-3 | 2670 | വെറ്റിനറി സർജ്ജൻ | 118030105193/05.02.19 |
| 2006-07 | 3-2 | 1000 | കെ മനോഹരൻ,സെക്രട്ടറി | 118030106320/18.03.19 |
| | ആകെ | 18747രൂപ | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | വിഷയം |
|---|---|---|---|---|
| 2005-06 | 2.85.1 | 2001-02 | 3-3 | കമ്പ്യൂട്ടർ മുറി തയ്യാറാക്കൽ-പാഴ്ച്ചെലവ് |
| 2005-06 | 2.85.2 | 2001-02 | 3-9 | ബോട്ട് ജെട്ടി നിർമ്മാണം - പൂർത്തിയാക്കിയിട്ടില്ല |
| | | 2000-01 | 3-6 | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ് സർചാർജ്ജ് നടപടികൾ വഴി തുകയൊന്നും ഈടാക്കിയിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70834641 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65220018 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| | | |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 129460+ഇൻക്രിമെന്റ് കുടിശിക |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,93,097 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 23,838 | സെക്രട്ടറി,മാട്ടൂൽ ഗ്രാമപഞ്ചായത്ത് |
| 1-24 | 105622+ ഇൻക്രിമെന്റ് കുടിശികയിൽ വന്ന വ്യത്യാസം | ശ്രീ.കെ ശിവദാസൻ,അസിസ്റ്റന്റ് സെക്രട്ടറി(സെക്രട്ടറിയുടെ അധിക ചുമതല) |
| ആകെ | 129460+ഇൻക്രിമെന്റ് കുടിശിക | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27(2) | 35599 | ഡോ.അനൂപ്.സി.ഒ<br>മെഡിക്കൽ ഓഫീസർ,പിഎച്ച് സി |
| 1-32 | 890811 | ശ്രീ.കെ.ശിവദാസൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 200000 | ശ്രീ.കെ ശിവദാസൻ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-38 | 265300 | ശ്രീ രാജേന്ദ്രൻ കെ വി<br>സബ്ഇൻസ്പെക്ടർ,ഫിഷറീസ് |
| 1-43 | 3,01,387 | ശ്രീ.ഫിലിപ്പോസ് പണിക്കർ<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| | ₹16,93,097 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-21 | കണക്കാക്കിയിട്ടില്ല |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-40,1-41 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ ശിവദാസൻ,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | കോയോൻ ഹൌസ് ഏഴോം |
| ഡോ.അനൂപ്.സി.ഒ മെഡിക്കൽ ഓഫീസർ, പിഎച്ച് സി | മെഡിക്കൽ ഓഫീസർ, പിഎച്ച് സി, മാട്ടൂൽ | ശ്രീവിശാഖ്,ഏഴിയം പി.ഒ. കൊല്ലം 691306 |
| ശ്രീ.ഫിലിപ്പോസ് പണിക്കർ അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമാക്കിയിട്ടില്ല | ലഭ്യമാക്കിയിട്ടില്ല |
| ശ്രീ രാജേന്ദ്രൻ കെ വി സബ്ഇൻസ്പെക്ടർ,ഫിഷറീസ് | സബ്ഇൻസ്പെക്ടർ,ഫിഷറീസ് മാടായി കണ്ണൂർ | കെ.വി. ഹൌസ്, മാടായി പി.ഒ , കണ്ണൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 1999-00 | കെ എസ് എ /കെ എൻ ആർ/സി2-803/19 തീയതി 11.06.19 | 4 |
| 2000-01 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2001-02 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 2 |
| 2003-04 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 4 |
| 2007-08 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |
| 2008-09 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 19 |
| 2010-11,2011-12 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 16 |
| 2012-13,13-14 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 13 |
| 2014-15 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി2-663/17 തീയതി 01.02.18 | 16 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി2-1360/17തീയതി 21.05.18 | 27 |
| 2017-18 | കെ എസ് എ/കെ എൻ ആർ/ സി2-853/19 തീയതി 04.07.19 | 20 |

ഡെപ്യൂട്ടി ഡയരക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.2/211/2020.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയതി: 15.06.2020.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീറ്റ് & പേയ്മന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Mattool Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 5088185.40 |
| Cash | Cash | RP-40(a) | 37731.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 938630.00 |
| 140000000 | Fees & User Charges | RP-4 | 396553.00 |
| 150000000 | Sale & Hire Charges | RP-5 | 2733675.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ35656738.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4688796.00 |
| 350000000 | Other Liabilities | RP-36 | 18057197.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 20802.00 |
| 340000000 | Deposits Received | RP-34 | 121950.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 183784.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 7278259.00 |
| 460000000 | Loans, Advances and Deposits | RP-47 | 758257.00 |
| | Grand total | | 75960557.40 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5219186.00 |
| 220000000 | Administrative Expenses | RP-12 | 1727361.00 |
| 230000000 | Operations & Maintenance | RP-13 | 734099.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3558960.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13200495.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1472855.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 718643.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 394280.00 |
| 255000000 | Maintenance Projects | RP-20 | 3363938.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 72970.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 365292.00 |
| 280000000 | Prior Period item | RP-26 | -28232.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 166710.00 |
| 350000000 | Other Liabilities | RP-36 | 21480940.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 458138.00 |
| 272000000 | Depreciation | RP-25 | 169594.00 |
| 280000000 | Prior Period Item | RP-26 | -40.00 |
| 330000000 | Secured Loans | RP-32 | 300000.00 |
| 340000000 | Deposits Received | RP-34 | 171400.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2300469.00 |
| 410000000 | Fixed Assets | RP-38 | 3412445.00 |
| 412000000 | Capital work in Progress | RP-40 | 4901205.00 |
| 460000000 | Loans, Advances and Deposits | RP-47 | 1059310.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10591879.40 |
| Cash | Cash | RP-40(b) | 148660.00 |
| | Grand Total | | 75960557.40 |

# അനുബന്ധം-2-2 ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Mattool Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 4307471.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 38796.00 |
| 140000000 | Fee & User Charges | I-4(b) | 489553.00 |
| 150000000 | Sale & Hire Charges | I-5(b) | 2733675.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 88550280.00 |
| 180000000 | Other Income | I-9 | 20802.00 |
| | Total Income | | 96140577.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11455687.00 |
| 220000000 | Administrative Expenses | I-11(b) | 1727361.00 |
| 230000000 | Operations & Maintenance | I-12(b) | 994099.00 |
| 240000000 | Interest & Finance Charges | I-13 | 458138.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4715443.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18753019.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1377975.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 718643.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 44001880.00 |
| 255000000 | Maintenance Projects | I-14(e) | 3363938.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 72970.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 365292.00 |
| 270000000 | Provisions and Write off | I-16 | 5353.00 |
| 272000000 | Depreciation | I-17(a) | 4851077.00 |
| | Total Expenditure | | 92860875.00 |
| | Gross Surplus/ Deficit of income over Expenditure | | 3279702.00 |
| 280000000 | Prior Period Item | I-18 | -4118705.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 7398407.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| Mattool Grama Panchayat<br>BALANCE SHEET | | | |
| As on 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 13371120.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 29810135.00 |
| | Total Reserve & Surplus | | 43181255.40 |
| | Grants, Contributions for Specific Purposes | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5605613.25 |
| | Total Grants, Contributions for Specific Purposes | | 5605613.25 |
| | Loans | | |
| 330000000 | Secured Loans | B-5 | 2610000.00 |
| | Total Loans | | 2610000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 555511.00 |
| 350000000 | Other Liabilities | B-9 | 2913866.75 |
| | Total Current Liabilities and Provisions | | 3469377.75 |
| | TOTAL LIABILITIES | | 54866246.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50824026.00 |
| 411000000 | Accumulated Depreciation | B-11 | -10326583.00 |
| 412000000 | Capital Work in Progress | B-11(a) | 130433.00 |
| | Total Fixed Assets | | 40627876.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 10000.00 |
| | Total Investments | | 10000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 16350.00 |
| 440000000 | Pre-paid Expenses | B-16 | 2610000.00 |
| 450000000 | Cash and Bank Balance | B-17 | 10740539.40 |
| 460000000 | Loans, Advances and Deposits | B-18 | 861481.00 |
| | Total Current Assets, Loans and Advances | | 14228370.40 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 54866246.40 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ